## കേരള സർക്കാർ

സംഗ്രഹം

തദ്ദേശസ്വയംഭരണ വകുപ്പ് - സംയോജിത നീർത്തട പരിപാലന പദ്ധതി - സംയോജിത നീർത്തട പരിപാലന പരിപാടി ഉല്പാദന സമ്പ്രദായം, സൂക്ഷ്മ സംരഭങ്ങൾ എന്നിവയെ അടിസ്ഥാനമാക്കിയുള്ള ജീവനോപാധി പ്രവർത്തനങ്ങൾക്കായുള്ള മാർഗ്ഗരേഖ അംഗീകരിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു

===========================================================================

തദ്ദേശസ്വയംഭരണ (ഡി.ഡി) വകുപ്പ്

സ.ഉ.(സാധാ.)നം.599/14/തസ്വഭവ തിരുവനന്തപുരം, തീയതി, 28.02.2014

===========================================================================

പരാമർശം:- 1. കേന്ദ്രഗ്രാമവികസന മന്ത്രാലത്തിന്റെ 02.11.2011 ലെ Z-11011/21/2010- PPC നമ്പർ കത്ത്.

2. ഗ്രാമവികസന കമ്മീഷണറുടെ 02.12.2013 ലെ 902/എസ്.എൽ.എൻ.എ.2/13/ സി.ആർ.ഡി. നമ്പർ കത്ത്.

### ഉത്തരവ്

സംയോജിത നീർത്തട പരിപാലന പരിപാടിയുടെ ഭാഗമായി നീർത്തട പ്രദേശത്തെ കൃഷി, അനുബന്ധ മേഖലകൾ എന്നിവയിൽ ഉൽപ്പാദന സമ്പ്രദായം, ഉൽപ്പാദന ക്ഷമത തുടങ്ങിയവ മെച്ചപ്പെടുത്തുന്നതിനുള്ള പ്രവർത്തനങ്ങൾ ഏറ്റെടുക്കുന്നതിനായി ആകെ പദ്ധതിയുടെ 10% നീക്കിവയ്ക്കുകയും ഇതിനുവേണ്ട മാർഗ്ഗനിർദ്ദേശങ്ങൾ പരാമർശം(1) പ്രകാരം കേന്ദ്രസർക്കാർ പുറപ്പെടുവിക്കുകയും ചെയ്തിട്ടുണ്ട്. അതനുസരിച്ച് ഓരോ സംസ്ഥാനതല നോഡൽ ഏജൻസിയും അതത് സംസ്ഥാനത്തിന്റെ ആവശ്യകതയനുസരിച്ച് വിശദമായി മാർഗ്ഗനിർദ്ദേശങ്ങൾ പുറപ്പെടുവിക്കേണ്ടതാണെന്നും നിർദ്ദേശിച്ചിട്ടുണ്ട്. പരാമർശം(2) പ്രകാരം സംസ്ഥാനത്തിന്റെ ആവശ്യകതയനുസരിച്ച് വിശദമായ മാർഗ്ഗനിർദ്ദേശം ഗ്രാമവികസന കമ്മീഷണർ നൽകിയിട്ടുണ്ട്.

2. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിയ്ക്കുകയുണ്ടായി. കേരളത്തിന്റെ ആവശ്യകതയനുസരിച്ച് അനുബന്ധം(1) പ്രകാരം വിശദമായ മാർഗ്ഗരേഖ അംഗീകരിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം,

അനിത ദാമോദരൻ
അഡീഷണൽ സെക്രട്ടറി

1. ഗ്രാമവികസന കമ്മീഷണർ, തിരുവനന്തപുരം
2. ഡയറക്ടർ, പഞ്ചായത്ത്, തിരുവനന്തപുരം.
3. എല്ലാ ബ്ലോക്ക് പഞ്ചായത്ത് പ്രസിഡന്റ്/സെക്രട്ടറി (ഗ്രാമവികസന കമ്മീഷണർ മുഖേന)
4. എല്ലാ ജില്ലാ/ഗ്രാമപഞ്ചായത്ത് പ്രസിഡന്റ്/സെക്രട്ടറി (പഞ്ചായത്ത് ഡയറക്ടർ മുഖേന)
5. പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ഓഡിറ്റ്), തിരുവനന്തപുരം.
6. അക്കൗണ്ടന്റ് ജനറൽ (എ & ഇ), തിരുവനന്തപുരം.
7. ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം.
8. കരുതൽ ഫയൽ/ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ

അനുബന്ധം 2

# സംയോജിത നീർത്തട പരിപാലന പരിപാടി ഉല്പാദന സമ്പ്രദായം, സൂക്ഷ്മസംരംഭങ്ങൾ എന്നിവയെ അടിസ്ഥാനമാക്കിയുള്ള ജീവനോപാധി പ്രവർത്തനങ്ങൾക്കായുള്ള മാർഗ്ഗരേഖ

## 1. ആമുഖം

1.1 സംയോജിത നീർത്തട പരിപാലന പരിപാടിയ്ക്കായി കേന്ദ്രസർക്കാർ 2008-ൽ പുറപ്പെടുവിച്ച മാർഗ്ഗനിർദ്ദേശങ്ങളിലെ ഒരു സുപ്രധാന ഘടകമാണ് ഉല്പാദന/കാർഷിക സമ്പ്രദായങ്ങളുടെ അടിസ്ഥാനത്തിലുള്ള ജീവനോപാധി പ്രവർത്തനങ്ങളും സുക്ഷ്മ സംരംഭങ്ങളുടെ വികസനവും. ആകെ പദ്ധതിതുകയുടെ 10%, സ്വന്തമായി ഭൂമിയുള്ള കുടുംബങ്ങളുടെ ഉല്പാദന/ കാർഷികസമ്പ്രദായങ്ങളുടേയും സൂക്ഷ്മസംരംഭങ്ങളുടേയും വികസനത്തിനു വേണ്ടിയുള്ള പ്രവർത്തനങ്ങൾക്കായി നീക്കിവച്ചിരിക്കുന്നു. കാർഷിക മേഖലയിലും അനുബന്ധ മേഖലകളിലും ഉല്പാദനവും ഉല്പാദനക്ഷമതയും പരമാവധി വർദ്ധിപ്പിക്കുകയും വൈവിധ്യവൽക്കരണം ഉറപ്പാക്കുകയും ചെയ്തുകൊണ്ട് സ്വന്തമായി കൃഷി ഭൂമിയുള്ള കുടുംബങ്ങൾ, കർഷകതൊഴിലാളികൾ, പാട്ടകൃഷിക്കാർ, പങ്ക് കൃഷിക്കാർ തുടങ്ങിയ വിഭാഗങ്ങൾക്ക് അതിന്റെ ഗുണഫലം ലഭ്യമാക്കുക എന്നതാണ് ഇതിലൂടെ ലക്ഷ്യം വയ്ക്കുന്നത്.

1.2 ഈ പദ്ധതിയിയുടെ ഉദ്ദേശലക്ഷ്യങ്ങൾ താഴെ പറയുന്നവയാണ്.

a. വൈവിധ്യമാർന്ന ഉല്പാദന/കാർഷിക സമ്പ്രദായങ്ങളുടെ അടിസ്ഥാനത്തിലുള്ള ജീവനോപാധി പ്രവർത്തനങ്ങളെയും ഇടപെടലുകളെയും പ്രോത്സാഹിപ്പിക്കുക.

b. തെളിയിക്കപ്പെട്ടതും വിജയകരമായി നടപ്പിലാക്കപ്പെട്ടതുമായ സാങ്കേതിക വിദ്യകൾ, സംയോജിത കൃഷി രീതികൾ, മെച്ചപ്പെട്ട കാർഷിക സമ്പ്രദായങ്ങൾ എന്നിവ ഏറ്റെടുക്കുവാൻ കർഷകർക്ക് ആവശ്യമായ പ്രോത്സാഹനം നൽകുക.

## 2. ആസൂത്രണം

2.1 പദ്ധതി പ്രവർത്തനത്തിന്റെ പ്രരംഭഘട്ടത്തിൽതന്നെ ഉല്പാദന/കാർഷിക സമ്പ്രദായങ്ങളുമായി ബന്ധപ്പെട്ട സൂക്ഷ്മതല ആസൂത്രണം നടത്തേണ്ടതാണ്.

2.2 നീർത്തടപദ്ധതിയുടെ നിർവ്വഹണ ഏജൻസിയായ ബ്ലോക്ക് പഞ്ചായത്തുകൾക്കു തന്നെയായിരിക്കും. ഉല്പാദന സമ്പ്രദായം, സൂക്ഷ്മസംരംഭങ്ങൾ എന്നിവയുമായി ബന്ധപ്പെട്ട ജീവനോപാധി പ്രവർത്തനങ്ങളുടേയും ആസൂത്രണ നിർവ്വഹണ ചുമതല.

2.3 ബ്ലോക്ക് പഞ്ചായത്തുകൾ, നീർത്തട കമ്മിറ്റികളുടെ സഹകരണത്തോടെ ഓരോ ചെറുനീർത്തട പ്രദേശത്തെയും പ്രകൃതി വിഭവങ്ങളുടെ ലഭ്യത, അതിന്റെ

അടിസ്ഥാനത്തിൽ വികസിപ്പിക്കാൻ കഴിയുന്ന ഉല്പാദന സമ്പ്രദായങ്ങൾ, സൂക്ഷ്മസംരംഭങ്ങൾ എന്നിവ സംബന്ധിച്ച് പങ്കാളിത്ത പഠനരീതിയിൽ വിശകലനം ചെയ്യേണ്ടതാണ്. നീർത്തടപ്രദേശത്തെ ഭൂമിയുടെ സവിശേഷതകൾ, അനുയോജ്യമായ വിളകൾ, മണ്ണിന്റെ ഈർപ്പം, പ്രദേശത്ത് അധിവസിക്കുന്ന കുടുംബങ്ങളുടെ സാമൂഹ്യ സാമ്പത്തിക സ്ഥിതി എന്നിവയും വിശദമായ പ്രോജക്ട് റിപ്പോർട്ട് തയ്യാറാക്കുന്നതിനായി ശേഖരിച്ചിട്ടുള്ള വിവരങ്ങളുടെ അടിസ്ഥാനത്തിൽ വിശകലനത്തിനു വിധേയമാക്കേണ്ടതാണ്. ഇവയുടെയെല്ലാം അടിസ്ഥാനത്തിൽ ഓരോ നീർത്തട പ്രദേശത്തിനും അനുയോജ്യമായ പ്രവർത്തനങ്ങൾ കണ്ടെത്തി ഒരു കർമ്മ പദ്ധതി തയ്യാറാക്കേണ്ടതാണ്.

**2.4** കൃഷി, മൃഗസംരക്ഷണം, ഉദ്യാനസസ്യകൃഷി, കാർഷിക വനവല്ക്കരണം, മത്സ്യം വളർത്തൽ, ഔഷധസസ്യകൃഷി, സംയോജിത കൃഷിരീതികൾ, ജൈവകൃഷി രീതികൾ, കാർഷികോല്പന്നങ്ങളുടെ സംസ്കരണവും മൂല്യവർദ്ധനവും, സൂക്ഷ്മസംരംഭ വികസനം, വിപണനം തുടങ്ങി വൈവിധ്യമാർന്ന പ്രവർത്തനങ്ങൾ ഈ കർമ്മ പദ്ധതിയിൽ ഉൾപ്പെടുത്താവുന്നതാണ്.

**2.5** ഓരോ നീർത്തട പ്രദേശത്തിനും അനുയോജ്യമായ പ്രവർത്തനങ്ങൾ നീർത്തട വികസന ടീം അംഗങ്ങളുടെ സഹായത്തോടെ നീർത്തടകമ്മിറ്റികൾ കണ്ടെത്തണം. ഇതിനായി വിവിധ വികസന വകുപ്പുകളുടെ ഉദ്യോഗസ്ഥർ, പാടശേഖരസമിതികൾ, കർഷകപ്രതിനിധികൾ, ക്ഷീരകർഷകർ തുടങ്ങിയവരുമായി കൂടിയാലോചനകൾ നീർത്തടകമ്മിറ്റിയുടെ നേതൃത്വത്തിൽ നടത്തേണ്ടതാണ്. കൂടാതെ , മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി, ദേശീയ ഉപജീവന മിഷൻ, രാഷ്ട്രീയ കൃഷി വികാസ് യോജന, തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ പദ്ധതി വിനിയോഗം, വിവിധ വകുപ്പുകൾ നടപ്പിലാക്കുന്ന പദ്ധതികൾ തുടങ്ങിയവയുമായുള്ള സംയോജനസാധ്യതകളും പരമാവധി പ്രയോജനപ്പെടുത്തുവാൻ ശ്രദ്ധിക്കേണ്ടതാണ്. ഇപ്രകാരം തയ്യാറാക്കുന്ന കർമ്മപദ്ധതി നീർത്തട ഗ്രാമസഭയുടെ അംഗീകാര ത്തോടെ ബ്ലോക്ക് പഞ്ചായത്തിൽ സമർപ്പിക്കേണ്ടതാണ്.

**2.6** ഉല്പാദന സമ്പ്രദായം, സൂക്ഷ്മസംരംഭം എന്നിവ വികസിപ്പിക്കാനുള്ള പ്രവർത്തനങ്ങൾ ഒരു പ്രദേശത്തെയോ അല്ലെങ്കിൽ കർഷകരുടെ ഒരു സംഘത്തെയോ കേന്ദ്രീകരിച്ച് വേണം ആവിഷ്കരിക്കേണ്ടത്. ഇത് നീർത്തട ഭൂപടത്തിൽ വേർതിരിച്ച് രേഖപ്പെടുത്തുകയും ചെയ്യേണ്ടതാണ്.

2.7 ഇപ്രകാരം തയ്യാറാക്കുന്ന കർമ്മപദ്ധതി ബ്ലോക്ക് പഞ്ചായത്തുകൾ അംഗീകരിച്ച് കഴിഞ്ഞ് അവയുടെ പകർപ്പ് ഗ്രാമപഞ്ചായത്തുകൾക്കും നീർത്തടകമ്മിറ്റികൾക്കും നൽകേണ്ടതാണ്.

2.8 അത്യാവശ്യ ഘട്ടങ്ങളിൽ ബ്ലോക്ക് പഞ്ചായത്തുകൾക്ക് നീർത്തടകമ്മിറ്റിയുമായും, പദ്ധതിയുടെ ഗുണഭോക്തൃ വിഭാഗങ്ങളുമായി കൂടിയാലോചിച്ച് ഈ കർമ്മപദ്ധതിയിൽ ഭേദഗതി വരുത്താവുന്നതാണ്.

2.9 സംസ്ഥാനത്ത് സംയോജിത നീർത്തട പരിപാലന പരിപാടിയിൽ 2009-10 സാമ്പത്തിക വർഷം മുതൽ പ്രോജക്ടുകൾക്ക് അനുമതി നൽകിയിട്ടുള്ളതും അവയിൽ പല പ്രോജക്ടുകൾക്കും വിശദമായ പദ്ധതി രേഖ (DPR) തയ്യാറാക്കികഴിഞ്ഞിട്ടുള്ളതുമാണ്. ഉല്പാദനസമ്പ്രദായം, സൂക്ഷ്മസംരംഭങ്ങൾ എന്നിവയുടെ അടിസ്ഥാനത്തിലുള്ള ജീവനോപാധി പ്രവർത്തനങ്ങൾ സംബന്ധിച്ച കേന്ദ്ര സംസ്ഥാന സർക്കാരുകളുടെ മാർഗ്ഗ നിർദ്ദേശങ്ങൾ പുറപ്പെടുവിക്കുന്നതിനുമുമ്പ് തയ്യാറാക്കിയിട്ടുള്ള വിശദമായ പദ്ധതി രേഖകളിൽ മേൽ വിവരിച്ച തരത്തിലുള്ള സമഗ്രമായ ഇടപെടലുകൾ നടത്തി കർമ്മപദ്ധതി തയ്യാറാക്കുവാൻ സാധിച്ചിട്ടില്ല. ആയതിനാൽ അത്തരം പ്രോജക്ടുകളിൽ വിശദമായ പ്രോജക്ട് റിപ്പോർട്ടിന്റെ ഭാഗമായി നിലവിൽ തയ്യാറാക്കിയിട്ടുള്ള കർമ്മപദ്ധതി പുനഃപരിശോധനയ്ക്ക് വിധേയമാക്കേണ്ടതാണ്. ഇതിനായി ബ്ലോക്ക് പഞ്ചായത്തിലെ കൃഷി അസിസ്റ്റന്റ് ഡയറക്ടർ, സീനിയർ വെറ്റിനറി സർജൻ, ഡയറി എക്സ്റ്റൻഷൻ ഓഫീസർ, ബ്ലോക്കിലെ എക്സ്റ്റൻഷൻ ഓഫീസർമാർ എന്നിവരടങ്ങിയ ഒരു ടീം രൂപീകരിക്കേണ്ടതും, ആ ടീമിന്റെ നേതൃത്വത്തിൽ നിലവിൽ തയ്യാറാക്കിയിട്ടുള്ള കർമ്മ പദ്ധതി പുനഃപരിശോധന നടത്തി ഓരോ നീർത്തട പ്രദേശത്തേയും നീർത്തടകമ്മിറ്റികൾ, പാടശേഖര സമിതികൾ, കർഷക കൂട്ടായ്മകൾ, ക്ഷീരകർഷകർ തുടങ്ങി വിവിധ വിഭാഗങ്ങളുമായി ആശയവിനിമയം നടത്തി സമഗ്രമായ ഒരു കർമ്മപദ്ധതിയ്ക്ക് അടിയന്തരമായി രൂപം കൊടുക്കേണ്ടതാണ്. ബ്ലോക്ക് തലത്തിൽ ഈ പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുന്നതിനുള്ള ചുമതല ബ്ലോക്ക് പഞ്ചായത്തിലെ കൃഷി അസിസ്റ്റന്റ് ഡയറക്ടറിൽ നിക്ഷിപ്തമായിരിക്കും. ഈ ആവശ്യത്തിന് വേണ്ടിവരുന്ന ചെലവുകൾ പദ്ധതിയുടെ വിശദമായ പ്രോജക്ട് റിപ്പോർട്ട് (ഡി.പി.ആർ) തയ്യാറാക്കുന്ന തുകയിൽ നിന്നും കണ്ടെത്തേണ്ടതാണ്. വിശദമായ പ്രോജക്ട് റിപ്പോർട്ട് തയ്യാറാക്കുന്നതിനായി നീക്കിവച്ചിട്ടുള്ള 1% തുക പൂർണ്ണമായും ചെലവഴിച്ച പ്രോജക്ടുകളിൽ ഇതിനാവശ്യമായ തുക ഉൽപാദനസമ്പ്രദായ പ്രവർത്തനങ്ങൾക്കായി ലഭ്യമായിട്ടുള്ള 10% തുകയുടെ 0.1 %-ൽ പരിമിതപ്പെടുത്തി ഭരണനിർവ്വഹണ ചെലവുകളിൽ നിന്നും വഹിക്കേണ്ടതാണ്.

## 3. നിർവ്വഹണം

3.1 സ്വന്തമായി കൃഷി ഭൂമിയുള്ള കർഷകർ, പാട്ടത്തിനോ മറ്റുതരത്തിലോ ഭൂമിയിൽ കൃഷി ചെയ്യാൻ അവകാശം ലഭിച്ചവർ തുടങ്ങിയവർക്ക് ഉല്പാദന സമ്പ്രദായം മെച്ചപ്പെടുത്തുന്നതിനും ഉൽപാദനക്ഷമത വർദ്ധിപ്പിക്കുന്നതിനും ഉതകുന്ന പ്രവർത്തനങ്ങൾ ഏറ്റെടുക്കുന്നതിന് ഈ പദ്ധതിയിൻകീഴിൽ ധനസഹായം നൽകാവുന്നതാണ്. കൂടാതെ കാർഷിക അനുബന്ധ പ്രവർത്തനങ്ങളായ മൃഗസംരക്ഷണം, തീറ്റപ്പുൽകൃഷി, മത്സ്യംവളർത്തൽ, ഔഷധസസ്യകൃഷി, ഉദ്യാനപരിപാലനം, കൂൺവളർത്തൽ, ജൈവവളം നിർമ്മാണം, വിത്ത് ബാങ്കുകൾ, തേനീച്ച വളർത്തൽ, പട്ടുനൂൽ കൃഷി, കാർഷിക ഉല്പന്ന സംസ്കരണം, മൂല്യവർദ്ധനവ് തുടങ്ങിയ മേഖലകളിലും ഉല്പാദന ക്ഷമത ഉയർത്തുന്ന പ്രവർത്തനങ്ങൾ ഏറ്റെടുക്കുന്നതിന് ഈ പദ്ധതിയിൻ കീഴിൽ ധനസഹായം നൽകാവുന്നതാണ്. ഗുണഭോക്താക്കളെ തെരെഞ്ഞെടുക്കുമ്പോൾ പട്ടികജാതി- പട്ടികവർഗ്ഗ ഗോത്ര വിഭാഗങ്ങൾ, ചെറുകിട നാമമാത്ര കർഷകൾ, സ്ത്രീ ഗൃഹനാഥയായിട്ടുളള കുടുംബങ്ങൾ എന്നീ വിഭാഗങ്ങൾക്ക് മുൻഗണന നൽകേണ്ടതാണ്. കൂടാതെ സംയോജിത നീർത്തട പരിപാലന പരിപാടിയിൻകീഴിൽ പ്രകൃതിവിഭവ പരിപാലന പ്രവർത്തനങ്ങൾ നടപ്പിലാക്കിയിട്ടുളള പ്രദേശങ്ങളുടെ തൊട്ടടുത്തുളള ഭൂമിയുടെ ഉടമസ്ഥരായ കുടുംബങ്ങൾക്കും പ്രത്യേക പരിഗണന നൽകേണ്ടതാണ്.

3.2 ഈ പദ്ധതിയുടെ ഗുണഭോക്താക്കളെ നീർത്തടകമ്മിറ്റിയുമായി കൂടിയാലോചന നടത്തി ബ്ലോക്ക് പഞ്ചായത്തുകൾ തെരെഞ്ഞെടുക്കേണ്ടതാണ്.

3.3 സമാനമായ ഉപജീവന പ്രവർത്തനങ്ങളിൽ താല്പര്യമുളളവരും അടുത്തടുത്ത് കൃഷിഭൂമിയുളളവരുമായ ഗുണഭോക്താക്കളെ 10 മുതൽ 20 വരെ അംഗങ്ങളുളള യൂസർ ഗ്രൂപ്പുകളായി സംഘടിപ്പിക്കണം.

3.4 പദ്ധതിയുടെ ഗുണഭോക്താക്കളാകാൻ അർഹതയുളള വ്യക്തികളും യൂസർ ഗ്രൂപ്പുകളും ഏറ്റെടുക്കുവാൻ പോകുന്ന പ്രവർത്തനം സംബന്ധിച്ച വിശദമായ പ്രോജക്ട് പ്രൊപ്പോസൽ സഹിതം തങ്ങളുടെ അപേക്ഷ നീർത്തട കമ്മിറ്റിക്ക് സമർപ്പിക്കേണ്ടതും നീർത്തടകമ്മിറ്റി അത് പരിശോധിച്ച് തങ്ങളുടെ ശുപാർശ സഹിതം പദ്ധതിനിർവ്വഹണ ഏജൻസിയായ ബ്ലോക്ക് പഞ്ചായത്തിന് കൈമാറേണ്ടതുമാണ്. അപേക്ഷ ഏതു മേഖലയുമായി ബന്ധപ്പെട്ടതാണോ ബ്ലോക്ക് പഞ്ചായത്തിലെ ആ വികസന വകുപ്പിലെ

ഉദ്യോഗസ്ഥൻ ( കൃഷി അസിസ്റ്റന്റ് ഡയറക്ടർ, സീനിയർ വെറ്റിനറി സർജൻ, ഡയറി എക്സ്റ്റൻഷൻ ഓഫീസർ തുടങ്ങിയവർ) പരിശോധിച്ച് ശുപാർശചെയ്യുന്നതിന്റെ അടിസ്ഥാനത്തിൽ ബ്ലോക്ക് പഞ്ചായത്ത് അപേക്ഷ അംഗീകരിക്കേണ്ടതും തുടർന്ന് നീർത്തടകമ്മിറ്റിയിൽ നിന്നും അനുവദനീയമായ ധനസഹായത്തിന്റെ 50%-ൽ അധികരിക്കുന്ന തുക അഡ്വാൻസായി ഗുണഭോക്താവിന്റെ ബാങ്ക് അക്കൗണ്ടിലേക്ക് നൽകേണ്ടതുമാണ്. തുടർന്ന് പ്രവൃത്തി നിർവ്വഹണം പൂർത്തിയാകുന്ന മുറയ്ക്ക് നീർത്തട കമ്മിറ്റിയിൽ നിന്ന് അവശേഷിക്കുന്ന തുകയും നൽകാവുന്നതാണ്.

## 4. പദ്ധതി തുകയും വിനിയോഗവും

4.1 സംയോജിത നീർത്തട പരിപാലന പരിപാടി പ്രകാരം ലഭിക്കുന്ന അടങ്കൽ തുകയുടെ 10% ഈ പ്രവർത്തനങ്ങൾക്കായി നീക്കിവയ്ക്കേണ്ടതാണ്.

4.2 ഇപ്രകാരം നീക്കി വയ്ക്കപ്പെടുന്നതുക ബ്ലോക്ക് പഞ്ചായത്തുകൾ ആവശ്യാനുസരണം നീർത്തട കമ്മിറ്റികളുടെ അക്കൗണ്ടിലേക്ക് നൽകേണ്ടതും ഉല്പാദന സമ്പ്രദായം മെച്ചപ്പെടുത്തുന്ന പ്രവർത്തനങ്ങൾക്ക് ധനസഹായം നൽകുന്നതിനായി നീർത്തട കമ്മിറ്റികൾ ഈ തുക ഉപയോഗപ്പെടുത്തേണ്ടതുമാണ്.

4.3 ഈ പദ്ധതി പ്രകാരം ഗുണഭോക്താക്കൾക്ക് ലഭിക്കാൻ അർഹതപ്പെട്ട പരമാവധി ധനസഹായം സംയോജിത നീർത്തട പരിപാലന പരിപാടിയ്ക്ക് അതത് പ്രദേശത്തിന് അനുവദനിയമായ യൂണിറ്റ് കോസ്റ്റിന്റെ ഇരട്ടിയായി നിജപ്പെടുത്തിയിരിക്കുന്നു. (അതായത് സമതലപ്രദേശങ്ങളിൽ 24,000/- രൂപയും മലമ്പ്രദേശങ്ങളിൽ 30,000/- രൂപയും)

4.4 ഈ പദ്ധതി പ്രകാരം ഏറ്റെടുക്കുന്ന പ്രവർത്തനങ്ങളുടെ യൂണിറ്റ്കോസ്റ്റ് ബന്ധപ്പെട്ട വകുപ്പുകളോ നബാർഡോ അതത് പ്രവർത്തികൾക്ക് നിശ്ചയിച്ചിട്ടുളള യൂണിറ്റ് കോസ്റ്റിന്റെ അടിസ്ഥാനത്തിലോ നിർണ്ണയിക്കേണ്ടതാണ്. ഇത്തരത്തിൽ യൂണിറ്റ് കോസ്റ്റ് നിലവിലില്ലാത്ത പ്രവർത്തനങ്ങൾക്ക് നീർത്തട വികസന ടീം (WDT) ബന്ധപ്പെട്ട വകുപ്പുകളിലെ ഉദ്യോഗസ്ഥന്മാരുമായി കൂടിയാലോചിച്ച് യൂണിറ്റ് കോസ്റ്റ് നിർണ്ണയിക്കേണ്ടതും ആയത് ജില്ലാതല നീർത്തട കോ-ഓർഡിനേഷൻ കമ്മിറ്റിയുടെ അംഗീകാരത്തോടെ നടപ്പിൽ വരുത്തേണ്ടതുമാണ്.

4.5 ഈ പദ്ധതിയിൽ നിന്ന് ധനസഹായം ലഭിക്കുന്ന ഗുണഭോക്താക്കൾ തങ്ങൾക്ക് ലഭിക്കുന്ന ധനസഹായത്തിന്റെ നിശ്ചിത ശതമാനം തുക ഗുണഭോക്തൃ വിഹിതമായി നീർത്തട വികസന ഫണ്ടിലേയ്ക്ക് (WDF) അടയ്ക്കേണ്ടതാണ്. പൊതുവിഭാഗത്തിൽപ്പെട്ട

ഗുണഭോക്താക്കൾ 20% തുകയും പട്ടികജാതി/പട്ടികവർഗ്ഗ ഗോത്രവിഭാഗത്തിൽപ്പെട്ടവർ 10% തുകയുമാണ് ഇപ്രകാരം ഗുണഭോക്തൃ വിഹിതമായി അടയ്ക്കേണ്ടതാണ്.

ഉദാഹരണം -1

ഉല്പാദന സമ്പ്രദായം മെച്ചപ്പെടുത്തുന്നതിന് ആവശ്യമായ തുക 30000/- ആണെങ്കിൽ

സമതല പ്രദേശത്ത് പദ്ധതിയിൽ നിന്ന് നൽകാവുന്ന പരമാവധി ധന സഹായം- 24000/-

മലമ്പ്രദേശത്ത് പദ്ധതിയിൽ നിന്ന് നൽകാവുന്ന പരമാവധി ധനസഹായം - 30000/-

നീർത്തട വികസന ഫണ്ടിലേക്ക് അടയ്ക്കേണ്ട ഗുണഭോക്തൃ വിഹിതം

സമതല പ്രദേശത്ത്

പൊതുവിഭാഗം (20%) - 4800/-

പട്ടികജാതി/പട്ടികവർഗ്ഗം (10%) - 2400/-

മലമ്പ്രദേശത്ത്

പൊതുവിഭാഗം (20%) - 6000/-

പട്ടികജാതി/പട്ടികവർഗ്ഗം (10%) - 3000/-

ഉദാഹരണം -2

ഉല്പാദന സമ്പ്രദായം മെച്ചപ്പെടുത്തുന്നതിന് ആവശ്യമായ തുക 20000/- ആണെങ്കിൽ സമതല പ്രദേശത്തും മലമ്പ്രദേശത്തും പദ്ധതിയിൽ നിന്ന് നൽകാവുന്ന പരമാവധി ധനസഹായം - 20000/-

സമതല പ്രദേശത്തും മലമ്പ്രദേശത്തും നീർത്തട വികസന ഫണ്ടിലേക്ക് അടയ്ക്കേണ്ട ഗുണഭോക്തൃ വിഹിതം

പൊതുവിഭാഗം (20%) - 4000/-

പട്ടികജാതി/പട്ടികവർഗ്ഗം (10%) - 2000/-

**4.6** ഇപ്രകാരം ഗുണഭോക്തൃ വിഹിതമായ ലഭിക്കേണ്ട തുക നീർത്തട കമ്മിറ്റി തങ്ങളുടെ രസീത് പ്രകാരം ഈടാക്കി നീർത്തട വികസന ഫണ്ടിലേക്ക് അടയ്ക്കേണ്ടതാണ്.

## 5. പരിശീലനവും വൈദഗ്ദ്ധ്യ വികസനവും

5.1. ഈ പദ്ധതിയുടെ ഗുണഭോക്താക്കൾക്ക് ഉൽപാദനസമ്പ്രദായം മെച്ചപ്പെടുത്തുന്നതിനും സൂക്ഷ്മ സംരംഭം വികസിപ്പിക്കുന്നതിനും ആവശ്യമായ തരത്തിലുള്ള പരിശീലന പരിപാടികൾ പദ്ധതി നിർവ്വഹണ ഏജൻസിയായ ബ്ലോക്ക് പഞ്ചായത്തുകൾ ആസൂത്രണം ചെയ്ത് നടപ്പിലാക്കേണ്ടതാണ്.

5.2 ഓരോ നീർത്തട പ്രദേശത്തും കൃഷി, മറ്റ് അനുബന്ധമേഖലകൾ എന്നിവയിൽ നിന്ന് തെരഞ്ഞെടുക്കപ്പെടുന്ന ഗുണഭോക്താക്കൾക്ക് നൽകേണ്ട പരിശീലനത്തെ സംബന്ധിച്ച ആവശ്യകത നീർത്തട കമ്മിറ്റികൾ ഗുണഭോക്തൃ വിഭാഗങ്ങളുമായി കൂടിയാലോചിച്ച്

നിർണ്ണയിക്കേണ്ടതാണ്. നീർത്തട പ്രദേശത്ത് നടത്തേണ്ട പരിശീലന പരിപാടികൾ ഏതൊക്കെയാണെന്നും അവയിൽ ഓരോന്നിലും പങ്കെടുപ്പിക്കേണ്ട ഗുണഭോക്താക്കളുടെ എണ്ണം എത്രയാണെന്നും നീർത്തട കമ്മിറ്റി തിട്ടപ്പെടുത്തി ആ വിവരം ബ്ലോക്ക്പഞ്ചായത്തിനെ അറിയിക്കേണ്ടതും അതിന്റെ അടിസ്ഥാനത്തിൽ ബ്ലോക്ക് തലത്തിലുള്ള വിശദമായ പരിശീലന പരിപാടിക്ക് ബ്ലോക്ക് പഞ്ചായത്തുകൾ രൂപം കൊടുക്കേണ്ടതുമാണ്. ആത്മ (ATMA) തുടങ്ങി ബന്ധപ്പെട്ട മേഖലയിൽ വിവിധ വകുപ്പുകൾ നടത്തുന്ന പരിശീലന പരിപാടികളുമായി ഏകോപിപ്പിച്ച് ഈ പരിശീലന പരിപാടികൾ സംഘടിപ്പിക്കുന്നതിനുള്ള സാധ്യത ആരായേണ്ടതാണ്. കൂടാതെ കൃഷി വിജ്ഞാന കേന്ദ്രം, എക്സ്റ്റൻഷൻ ട്രെയിനിംഗ് സെന്ററുകൾ , കാർഷിക സർവ്വകലാശാല കേന്ദ്ര തോട്ടവിള ഗവേഷണകേന്ദ്രം, കേന്ദ്ര കിഴങ്ങുവർഗ്ഗ ഗവേഷണ കേന്ദ്രം തുടങ്ങിയ സ്ഥാപനങ്ങളുടെ സേവനവും പരിശീലനപരിപാടികൾ സംഘടിപ്പിക്കുന്നതിന് പ്രയോജനപ്പെടുത്തേണ്ടതാണ്. ഇപ്രകാരം തയ്യാറാക്കുന്ന പദ്ധതിയുടെ അടിസ്ഥാനത്തിൽ ഓരോ വർഷവും പരിശീലനത്തിനായി വേണ്ടിവരുന്ന തുക നീക്കിവയ്ക്കേണ്ടതാണ്. ഈ തുക സംയോജിത നീർത്തട പരിപാലന പരിപാടിയിൻകീഴിൽ ഇൻസ്റ്റിറ്റ്യൂഷൻ ആന്റ് കപ്പാസിറ്റി ബിൽഡിംഗിനായി നീക്കിവച്ചിരിക്കുന്ന 5% തുകയിൽ നിന്നും ചെലവഴിക്കേണ്ടതാണ്.

5.3 ഈ പരിശീലനപരിപാടികൾ കേവലം അറിവ് വർദ്ധിപ്പിക്കുക എന്നതിലുപരി ഗുണഭോക്താക്കളുടെ തൊഴിൽനൈപുണ്യവും വൈദഗ്ദ്ധ്യ വികസനവും സാധ്യമാക്കുന്ന തരത്തിലുള്ളതായിരിക്കണം. കൂടാതെ, കൃഷി, അനുബന്ധമേഖലകളിൽ ഉൽപാദനക്ഷമതയും ഉൽപാദന സമ്പ്രദായവും മെച്ചപ്പെടുത്തുന്ന തരത്തിൽ വിജയകരമായി പ്രവർത്തിച്ചുവരുന്ന സംരംഭങ്ങളുടെ ഫീൽഡുതല സന്ദർശനങ്ങൾ ഈ പരിശീലന പരിപാടികളുടെ ഭാഗമായി ഏറ്റെടുക്കേണ്ടതാണ്.

6. സംയോജിത നീർത്തട പരിപാടിയിൻകീഴിൽ ഏറ്റെടുക്കുന്ന ഉൽപാദന സമ്പ്രദായം മെച്ചപ്പെടുത്തുന്നതുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങളുടെ ജില്ലാതല ഏകോപനം നടത്തേണ്ട ചുമതല ജില്ലയിലെ ടെക്നിക്കൽ എക്സ്പർട്ട് (കൃഷി) ക്ക് ആയിരിക്കും. അവർ ജില്ലാതല നീർത്തട സെൽ കം ഡേറ്റാ സെന്ററിന്റെ പ്രോജക്ട് മാനേജറുടെ മാർഗ്ഗനിർദ്ദേശങ്ങൾക്ക് അനുസൃതമായി ഈ പ്രവർത്തനങ്ങൾ ജില്ലാതലത്തിൽ ഏകോപിപ്പിക്കുകയും യഥാസമയങ്ങളിൽ ഇതു സംബന്ധിച്ച റിപ്പോർട്ടുകൾ സംസ്ഥാനതല നോഡൽ ഏജൻസിക്ക് (എസ്.എൽ.എൻ.എ) സമർപ്പിക്കേണ്ടതുമാണ്.